


# വയോജനങ്ങൾക്കായി എറണാകുളത്തിന്റെ ഓർമ്മപ്പൂക്കൾ

കോവിഡ് – 19 പ്രതിരോധത്തിന്റെ ഭാഗമായി 60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് കനത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയപ്പോൾ ഏറെ ബാധിക്കപ്പെട്ടത് വയോജനങ്ങളുടെ സാമൂഹിക ജീവിതമാണ്. സമപ്രായക്കാരുമായുള്ള ഇടപെടലുകളും വിശേഷങ്ങൾ ചോദിക്കലും സന്തോഷം പങ്കുവയ്ക്കലുമെല്ലാം അങ്ങനെ അവർക്ക് ആഹ്ലാദമേകുന്ന പലകാര്യങ്ങളും ഈ നിയന്ത്രണങ്ങളെത്തുടർന്ന് ഒഴിവാക്കേണ്ടി വന്നു. ഇത് മുഖേനയുണ്ടാകുന്ന മാനസിക സമ്മർദ്ദവും മറ്റും ലഘൂകരിക്കുന്നതിന് വയോജനങ്ങൾക്ക് തുണയാകാൻ എറണാകുളം ജില്ലാ ടീം അവതരിപ്പിച്ച പ്രത്യേക പരിപാടിയാണ് ഓർമ്മപ്പൂക്കൾ.

നവീന സാങ്കേതിക വിദ്യ ഉപയോഗിച്ച് ജില്ലയിലെ വയോജന അയൽക്കൂട്ടാംഗങ്ങളുടെ ഓൺലൈൻ കൂട്ടായ്മയാണ് ഓർമ്മപ്പൂക്കളെന്ന പേരിൽ ജില്ല സംഘടിപ്പിച്ചുവരുന്നത്. ഡിജിറ്റൽ സാക്ഷരതാ പരിപാടിയുടെ ഭാഗമായാണ് ഓർമ്മപ്പൂക്കളെന്ന ഈ പ്രത്യേക പ്രവർത്തനം നടത്തുന്നത്. ജില്ലയിലെ സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്, കമ്മ്യൂണിറ്റി കൗൺസിലർമാർ, ഓരോ എ.ഡി.എസിലെയും വിജിലന്റ് ഗ്രൂപ്പ് അംഗങ്ങൾ, സി.ഡി.എസ് ഭരണ സമിതി മുതലായവരുടെ കൂട്ടായ്മയിലൂടെയാണ് ഓർമ്മപ്പൂക്കൾ സംഘടിപ്പിക്കുന്നത്. ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിലൂടെ നടത്തുന്ന ഈ പരിപാടിയിലൂടെ ഏവരും അന്യോന്യം സംസാരിക്കുന്നു, വിശേഷങ്ങൾ പങ്കുവയ്ക്കുന്നു, പാട്ടുകൾ പാടുന്നു, തമാശകൾ പറയുന്നു... ഇങ്ങനെ വയോജനങ്ങളെ വീണ്ടും ആ പഴയ കൂടിച്ചേരലിന്റെ ഓർമ്മകളിലേക്കെത്തിക്കുന്നു.

സെപ്റ്റംബർ 20ന് പരീക്ഷണാടിസ്ഥാനത്തിൽ അഞ്ച് സിഡിഎസുകളിലായാണ് ഈ പരിപാടി ആദ്യം സംഘടിപ്പിച്ചത്. ഉദ്യമത്തിന്റെ ആദ്യ പതിപ്പിൽ 63 പേർ പങ്കെടുത്തു. രണ്ടാം പതിപ്പ് സെപ്റ്റംബർ 27ന് സംഘടിപ്പിച്ചു. 70 പിന്നിട്ടവരുടെ കൂട്ടായ്മയിൽ ജില്ലയിലെ 93 സിഡിഎസുകളിൽ നിന്നുള്ള 1437 പേരാണ് പങ്കെടുത്തത്. ഒക്ടോബർ 11നാണ് ഓർമ്മപ്പൂക്കൾ പരിപാടിയുടെ അടുത്ത പതിപ്പ്.

പഴയകാലത്തിന്റെ ഓർമ്മകളിലേക്ക് വയോജനങ്ങളെ തിരികെയെത്തിച്ച് അവരുടെ മാനസികാരോഗ്യവും ഉല്ലാസവും വർദ്ധിപ്പിക്കാൻ നവീന സാങ്കേതിക വിദ്യയെ കൂട്ടുപിടിച്ച് ഇങ്ങനെയൊരു പ്രവർത്തനം ആസൂത്രണം ചെയ്ത എറണാകുളം ജില്ലാ ടീം മുന്നോട്ട് വയ്ക്കുന്നത് ഉദാത്തമായ മാതൃകയാണ്. ഇതിന് പിന്നിൽ പ്രവർത്തിച്ച ഏവർക്കും എല്ലാവിധ അഭിനന്ദനങ്ങളും അറിയിക്കട്ടെ.